(സി) വിദേശത്തുനിന്നും എത്തിക്കുന്ന മൃഗങ്ങൾക്ക് ഹിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഇന്ത്യാഗവൺമെന്റിന്റെ കീഴിലുള്ള അനിമൽ ക്വാറന്റൈൻ ആന്റ് സർട്ടിഫിക്കേഷൻ സർവ്വീസസിന്റെ ക്ലീയറൻസ് ലഭിക്കേണ്ടതായിട്ടുണ്ട്. ഈ ക്ലീയറൻസ് ലഭിച്ചാൽ മാത്രമേ ഭാരതത്തിലേക്ക് മൃഗങ്ങളെ കൊണ്ടുവരാൻ അനുവദിക്കുകയുള്ളൂ. ഇതിന്റെ കാലാവധി പല മൃഗങ്ങൾക്കും വ്യത്യസ്തമാണ്. അനിമൽ ക്വാറന്റൈൻ ആന്റ് സർട്ടിഫിക്കേഷൻ സർവ്വീസസിന്റെ അനുവാദം ലഭിച്ച മുറയ്ക്ക് അപ്പോൾതന്നെ വിദേശത്ത് നിന്നും ലഭിക്കുന്ന മൃഗങ്ങളെ പ്രദർശിപ്പിച്ചുവരുന്നു.

(ഡി) പഴക്കമുള്ള കൂടുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതമൂലം പരിചരണം നൽകാൻ സാധിക്കാതെ രോഗാവസ്ഥയിലാകുന്ന പക്ഷിമൃഗാദികൾക്ക് സംരക്ഷണം നൽകാൻ സാധിക്കാതെ ജീവനക്കാർ ആശങ്കയിലാകുന്ന അവസ്ഥ നിലവിലില്ല. തിരുവനന്തപുരം മൃഗശാലയിൽ വന്യമൃഗങ്ങൾക്ക് ഇന്ത്യയിൽ ലഭ്യമാക്കാവുന്ന ഏറ്റവും മുന്തിയ തരത്തിലുള്ള ചികിൽസയാണ് ലഭ്യമാക്കുന്നത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അറിയിപ്പ്

സമയക്ലിപ്തത

മി. സ്പീക്കർ: അടിയന്തരപ്രമേയം പരിഗണനയ്ക്കെടുക്കുന്നതിനുമുമ്പ് ഒരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇന്നലെ വൈകുന്നേരം സഭയ്ക്കകത്ത് 9.30.AM] അസാധാരണമായ ഒരു രംഗമാണ് കണ്ടത്. ഒരാൾ ഒരുഭാഗത്തും മറ്റാളുകളെല്ലാംകൂടി മറുഭാഗത്തുംനിന്ന് ഹുങ്കാരം പോലെയുള്ള രംഗമാണ് കണ്ടത്. ചെയർ മാത്രം ഒരുഭാഗത്തും മിക്കവാറുമുള്ള മറ്റാളുകൾ അപ്പുറത്തുമായിരുന്നു. അത്തരമൊരു സന്ദർഭമുണ്ടായതിൽ ചെയറിന് വളരെയധികം വിഷമമുണ്ട്. ഓരോരുത്തരും സംസാരിക്കാൻ സമയമെടുക്കുമ്പോൾ ഞാൻ മൈക്ക് ഓഫ് ചെയ്യുമെന്ന് പറയുന്നതല്ലാതെ എപ്പോഴെങ്കിലും മൈക്ക് ഓഫ് ചെയ്തിട്ടുണ്ടോ? സമയമാകുമ്പോൾ പ്രസംഗം നിയന്ത്രിക്കാൻ പറയുന്നതല്ലാതെ കർശനനിയന്ത്രണമാക്കിയിട്ടില്ല. അഞ്ച് മിനിറ്റിന് ഇരുപത്തിയഞ്ച് മിനിറ്റ് എടുക്കുന്നവർപോലും മുമ്പ് സഭ ഒന്നര മണിക്കുതന്നെ തീർത്ത ആളിന്റെ അവദാനങ്ങൾ വെളിയിൽനിന്ന് എന്നോട് പറയാറുണ്ട്. ഇതൊന്നും അറിയാത്ത ആളല്ല ഞാൻ; അന്നും ഈ സഭയിലുണ്ടായിരുന്ന ആളാണ് ഞാൻ. ഒരുപക്ഷേ ചില ആളുകൾക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാകും. കൃത്യമായവർ മാത്രമാണ് എന്റെ നിയന്ത്രണത്തിലുള്ള സമയം. നോമ്പ് എടുക്കുന്ന സഹോദരങ്ങളുണ്ടെന്നും അവർക്ക് സമയത്തിന് നോമ്പ് തുറന്ന് ഭക്ഷണം കഴിക്കണമെന്നുള്ളതും ഇന്നലെ മാത്രമല്ല എല്ലാ ദിവസങ്ങളിലും ഞാൻ പറയുന്നതാണ്. അതെല്ലാം എല്ലാവരും കേട്ടുകൊണ്ടിരിക്കും. ഇവിടെ നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമുണ്ടായിരുന്ന ബിസിനസ് അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽവച്ചാണ് ഇന്നലത്തെയും മറ്റ് രണ്ട് ദിവസത്തെയും പ്രത്യേക ചർച്ചകൾ തീരുമാനിച്ചത്. ബിഎ.സി. പാസ്സാക്കുന്നത് സഭ അംഗീകരിച്ചുകൊണ്ടാണ്. നിങ്ങളുംകൂടി അംഗീകരിച്ച സമയമാണ് ഇന്നലെയും എടുത്തത്. എല്ലാവർക്കു മറിയാവുന്ന കാര്യമാണ് ചർച്ച കഴിഞ്ഞശേഷം ചട്ടം 58 ചർച്ച ചെയ്യുമ്പോൾ അതിന്റേതായ സമയം എടുക്കുമെന്നുള്ളത്. അതിനുമുമ്പുതന്നെ ഇതെല്ലാം പറഞ്ഞിട്ടും ആരും സമയം നിയന്ത്രിച്ചില്ല. ഒരുദിവസം ഒരു പ്രത്യേക ചർച്ച വന്നപ്പോൾ എല്ലാവരുംകൂടി പോയി. സഭയിലെ എം.എൽ.എ.-മാരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് യാറാർത്ഥ ചിത്രം മീഡിയകൾ എടുത്തുപറഞ്ഞപ്പോൾ നമ്മളത് മനസ്സിലാക്കണം. ഇന്നലെ ഞാനക്കാര്യം പറഞ്ഞപ്പോൾ രണ്ട് ഭാഗത്തുമുള്ള ആളുകളുടെ ദേഷ്യം എനിക്ക് മനസ്സിലായി. ചെയർ അനുവദിച്ചിട്ടല്ലേ പ്രസംഗിച്ചത് എന്നാണ് ചോദിച്ചത്. പത്ത് മിനിട്ട് സംസാരിക്കേണ്ടവർ 20 മിനിട്ടും ആറ് മിനിട്ട് സംസാരിക്കേണ്ടവർ 18 മിനിട്ടും എടുത്തില്ലേയെന്ന് ഞാൻ ചോദിച്ചപ്പോൾ ചെയർ അനുവദിച്ചതുകൊണ്ടാണല്ലോ ഞങ്ങൾ സംസാരിച്ചതെന്ന് പറഞ്ഞു. അപ്പോൾ വാദി പ്രതിയായി. ഞാൻ ഇപ്പോൾ പറയാൻ പോകുന്നത്, മൈക്ക് ഞാൻ ഓഫ് ചെയ്യാൻ പോകുന്നില്ല. ഇന്ന് മൂന്ന് മണിക്കൂർ ചർച്ചയുണ്ട്. നോമ്പ് ദിവസമാണ്, മാത്രമല്ല നിരവധി സബ്ജക്ട് കമ്മിറ്റികളും വച്ചിട്ടുണ്ട്. കമ്മിറ്റികളെല്ലാം സഭ പിരിഞ്ഞതിനുശേഷമാണ് കൂടേണ്ടത്, മാത്രമല്ല ഇന്ന് ബിൽ എടുക്കേണ്ടതുണ്ട്. ബില്ലാകുമ്പോൾ അതിൽ നിയന്ത്രണം പാടില്ല. നമ്മളെല്ലാവരും നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാൻ മിടുക്കരാണ്. ഇന്ന് ഒരു മൈക്കും ഓഫ് ചെയ്തില്ല, ചെയറിൽ ഇരിക്കുന്ന ആളുകൾ നിങ്ങളെ അക്കാര്യം ഓർമ്മിപ്പിക്കും. നിങ്ങൾ സ്വയം നിയന്ത്രിച്ച് പ്രസംഗിക്കാൻ സമയം എടുക്കാൻ ശ്രമിക്കണമെന്നാണ് ചെയറിന് അഭ്യർത്ഥിക്കാനുള്ളത്. അടിയന്തര പ്രമേയം അവതരിപ്പിക്കുന്ന മെമ്പർ, അടിയന്തരപ്രമേയത്തിന് മറുപടി പറയുന്ന മന്ത്രി, അതുപോലെ സബ്മിഷൻ, അതിന്റെ മറുപടികൾ, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കെല്ലാം എല്ലാവരും സ്വയം നിയന്ത്രിക്കണം. ഇന്നലെ വൈകുന്നേരം ചെയർ ഒരുഭാഗത്തും മറ്റുള്ളവരെല്ലാം അപ്പുറത്തും നിന്ന് കളിച്ച ദിവസമായിരുന്നു. ഇത് ഫുട്ബോൾ കളിയല്ല. എല്ലാ കളിക്കും നിയമവും ചിട്ടയുമൊക്കെയുണ്ട്. ആ ഒരു സൗമനസ്യംപോലും നിങ്ങൾ ആരും ഇന്നലെ ചെയറിനോട് കാണിച്ചില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. അങ്ങേയ്ക്ക് ഇങ്ങനെയൊരു മനോവിഷമം ഉണ്ടായതിൽ ഖേദിക്കുന്നു. സമയം പാലിക്കണമെന്ന കാര്യത്തിൽ സഭയുടെ ഇരുഭാഗത്തുനിന്നുമുള്ളവരുടെ പൂർണ്ണ സഹകരണം ലഭിക്കുമെന്നാണ് വിശ്വസിക്കുന്നത്. അങ്ങ് അക്കാര്യത്തിലെടുക്കുന്ന തീരുമാനം നടപ്പിലാക്കുന്നതിന് പൂർണ്ണ സഹകരണമുണ്ടാകും. 9.34.AM]

LIBRARY ARCHIVES Kerala Legislative Assembly